## നിയമനിർമ്മാണകാര്യം

### (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പുകൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

( 1(എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: ശ്രീ. റ്റി.എ. അഹ്മദ് കബീർ അങ്ങ് അവതരിപ്പിച്ച 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: പ്രസ് ചെയ്യുന്നില്ല.

മി.സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനു ചുറ്റും നിരന്നുനിന്നു. )

<u>മി. സ്പീക്കർ:</u> 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ. വി. ഡി. സതീശൻ</u> :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(113) ഖണ്ഡം 2(എ) യായി താഴെപ്പറയുന്നതു ചേർക്കുകയും നിലവിൽ (എ) മുതൽ (കെ) വരെയുള്ള ഇനങ്ങൾ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(എ) "അപ്പീൽ അധികാരസ്ഥാനം" എന്നാൽ II-ാം വകുപ്പു പ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള അധികാര സ്ഥാനം എന്നർത്ഥമാകുന്നു".

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(115) ഖണ്ഡം 2(എ)-യിൽ "തുടർച്ചയായി ചലിച്ചുകൊണ്ടിരിക്കുന്ന" എന്നീ വാക്കുകൾക്ക് പകരം "ചലിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(116) ഖണ്ഡം 2(എ)-യിൽ "ട്രാവലേറ്റർ" എന്ന വാക്കിന് പകരം "കൺവെയർബെൽറ്റ്" എന്ന വാക്ക് ചേർക്കുക.

(134) ഖണ്ഡം 2 (എഫ്)ലെ വിശദീകരണം താഴെപ്പറയും പ്രകാരം മാറ്റുക.

"വിശദീകരണം:- ഊർജ്ജം എന്നാൽ വൈദ്യുതി ഊർജ്ജം ആയിരിക്കുന്നതും അതിൽ മനുഷ്യശക്തിയോ മൃഗശക്തിയോ ഉൾപ്പെടാത്തതുമാകുന്നു. "

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(118) ഖണ്ഡം 2(ബി)-ൽ "നടക്കാനുള്ള" എന്ന വാക്കിന് പകരം "നടന്നു കയറാനുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(119) ഖണ്ഡം 2(ബി)-യിൽ "എല്ലാ" എന്ന വാക്ക് ഒഴിവാക്കുകയും "എന്നിവയും" എന്ന വാക്കിനു പകരം "എന്നിവയെല്ലാം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(120) ഖണ്ഡം 2(ബി)–യിൽ "ഉപവകുപ്പിൻ കീഴിൽ" എന്നീ വാക്കുകൾക്കു പകരം "ഉപവകുപ്പ് പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(123) ഖണ്ഡം 2(ഡി)–യിൽ "പ്രാദേശിക അധികാരിതയുള്ള" എന്നീ വാക്കുകൾക്ക് പകരം "അധികാരപരിധിയുള്ള" എന്ന വാക്ക് ചേർക്കുക.

.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(128) ഖണ്ഡം 2(എഫ്) ൽ "കാറോടുകൂടിയതും" എന്നീ വാക്കുകൾക്കു പകരം "ക്യാബിനോടു കൂടിയതും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദ ഗതികൾ അവതരിപ്പിക്കുന്നു.

(129) ഖണ്ഡം 2(എഫ്) ൽ "യാത്രക്കാരെയോ" എന്നീ വാക്കിന് പകരം "ആളുകളേയോ" എന്ന വാക്ക് ചേർക്കുക.

(136) ഖണ്ഡം 2(ജി)– ൽ "തറ അല്ലെങ്കിൽ പ്ലാറ്റ്ഫോം, കാർ ഫ്രെയിം സ്ലിംഗും അതിനെ പൊതിയുന്ന ചട്ടക്കൂടും" എന്നീ വാക്കുകൾക്ക് പകരം "ക്യാബിന്റെ അനുബന്ധ വസ്തുക്കൾ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(130) ഖണ്ഡം 2(എഫ്)–ൽ "കൊണ്ടുപോകാൻ" എന്ന വാക്കിന് പകരം "കൊണ്ടുപോകാനും സ്ഥാപിക്കുന്ന സമയത്ത് ഏറ്റവും അത്യാധുനിക സൗകര്യങ്ങളോടുകൂടിയതും, വൈദ്യുതി നിലച്ചാൽ നിലകളിൽമാത്രം നിന്ന് യാത്രക്കാർക്ക് ഇറങ്ങി പോകുവാനുമുള്ള സൗകര്യങ്ങളോടുകൂടി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(131) ഖണ്ഡം 2(എഫ്)–ൽ "ഉയർത്തു യന്ത്രസംവിധാനം" എന്നീ വാക്കുകൾ "യന്ത്ര സംവിധാനം" എന്ന് മാറ്റുക.

(135) ഖണ്ഡം 2 (ജി)–ൽ "ലിഫ്റ്റ്കാർ" എന്ന വാക്കിനു പകരം "ലിഫ്റ്റ്ക്യാബിൻ" എന്നും "ലിഫ്റ്റിന്റെ കാർ" എന്ന വാക്കുകൾക്കു പകരം" ലിഫ്റ്റിന്റെ ക്യാബിൻ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി:സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(137) ഖണ്ഡം 2(എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക.

" (എച്ച്) "ലിഫ്റ്റ് ഇൻസ്റ്റലേഷൻ " എന്നതിൽ ലിഫ്റ്റ് ക്യാബിനും, ലിഫ്റ്റ് ക്യാബിൻ പ്രവർത്തിപ്പിക്കാൻ ആവശ്യമായ അനുബന്ധ വസ്തുക്കളും ഉപകരണങ്ങളും ഉൾപ്പെടുന്നതാകുന്നു"

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ശ്രീ. സുരേഷ് കുറുപ്പിന്റെ താഴെപ്പറയുന്ന ഭേദഗതികൾ വാക്കാൽ ദേഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

(117) ഖണ്ഡം 2(എ) യിൽ താഴെപ്പറയുന്ന വിശദീകരണം ഉൾപ്പെടുത്തുക.

"വിശദീകരണം

ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, "ഊർജ്ജം" എന്നാൽ വൈദ്യുത ഊർജ്ജം അല്ലെങ്കിൽ മനുഷ്യന്റേയോ മൃഗത്തിന്റേയോ ശക്തിയാൽ ഉത്പാദിപ്പിക്കപ്പെടാത്തതും യാന്ത്രികമായി പ്രസരിക്കുന്ന മറ്റേതെങ്കിലും രൂപത്തിലുള്ളതുമായ ഊർജ്ജം എന്നർത്ഥമാകുന്നു".

(122) ഖണ്ഡം 2(ഡി)–യിൽ "സ്ഥാപിച്ചിട്ടുള്ള" എന്ന വാക്കിനുപകരം "സ്ഥാപിച്ചിട്ടുള്ളതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വാക്കാൽ അവതരിപ്പിച്ച 117, 122 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 113–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 115–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 116, 134 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 129, 136 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 131, 135 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3–ാം വകുപ്പ്**

ശ്രീ.സി.മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(140) ഖണ്ഡം 3(2)–ൽ 'ഫോറത്തിൽ' എന്ന വാക്കിനു പകരം 'ഫാറത്തിൽ' എന്ന വാക്ക് ചേർക്കുക

ശ്രീ.കെ.എം.ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(141) ഖണ്ഡം 3(3)–ൽ 'അപ്രകാരമുള്ള' എന്ന വാക്കിനുപകരം 'പ്രകാരമുള്ള' എന്ന വാക്ക് ചേർക്കുക.

ശ്രീ.റ്റി.എൻ.പ്രതാപൻ സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(142) ഖണ്ഡം 3(3)–ൽ 'അന്വേഷണം നടത്തിയതിനുശേഷം' എന്നീ വാക്കുകൾക്കുശേഷം ' നാൽപ്പത്തിയഞ്ചു ദിവസത്തിനകം' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(144) ഖണ്ഡം 3(3)–ൽ 'നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വ്യവസ്ഥകൾക്കും' എന്നീ വാക്കുകൾക്കു പകരം 'നിശ്ചിത ഫാറത്തിലും നിശ്ചിത വ്യവസ്ഥകൾക്കും' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(145) ഖണ്ഡം 3 (3)–ൽ "ഒരുവർഷക്കാലത്തേക്ക്" എന്ന വാക്കിനു പകരം "രണ്ടു വർഷക്കാലത്തേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ.കെ.എൻ.എ.ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(150) ഖണ്ഡം 3(4)–ൽ
"സ്ഥാപിക്കൽ" എന്ന വാക്കിനു പകരം "നിർമ്മാണം" എന്ന വാക്ക് ചേർക്കുക.

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(152) ഖണ്ഡം 3(4)–ൽ
"ഒരു മാസത്തിനുള്ളിൽ" എന്ന വാക്കിനുപകരം "നാല്പത്തി അഞ്ച് ദിവസത്തിനുള്ളിൽ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി.എ.അഹ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(153) ഖണ്ഡം 3(4)–ൽ

"നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള" എന്നീ വാക്കുകൾക്കു പകരം "നിശ്ചിത" എന്ന വാക്ക് ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(154) ഖണ്ഡം 3(5)–ൽ
"കാരണങ്ങൾ" എന്ന വാക്കിനു ശേഷം "നാല്പത്തി അഞ്ച് ദിവസത്തിനുള്ളിൽ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(147) ഖണ്ഡം 3 (3)–ന്റെ ക്ലിപ്ത നിബന്ധനയിൽ "ലിഫ്റ്റ്" എന്ന വാക്ക് കാണപ്പെടുന്നിടത്തെല്ലാം അതിനു പകരം "ലിഫ്റ്റോ എസ്കലേറ്ററോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 140–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 140–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 141–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 142–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 144–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 145–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 150–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 152–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ അവതരിപ്പിച്ച 153–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 154–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(156) ഖണ്ഡം 4(1) ൽ " യാതൊരു " എന്ന വാക്കിന് പകരം "ഏതൊരു" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(159) ഖണ്ഡം 4(2) ൽ

" ഉപവകുപ്പിനു കീഴിലുള്ള " എന്നീ വാക്കുകൾക്ക് പകരം " ഉപവകുപ്പു പ്രകാരം " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(160) ഖണ്ഡം 4(2) ൽ

1) " നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള " എന്നീ വാക്കുകൾക്ക് പകരം " നിശ്ചിത " എന്ന വാക്ക് ചേർക്കുക.

2) " അങ്ങനെയുള്ള ഫീസോടുംകൂടി " എന്നീ വാക്കുകൾക്ക് പകരം "നിശ്ചിത ഫീസോടുംകൂടി" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(162) ഖണ്ഡം 4(3)ൽ "(2)-ാം ഉപവകുപ്പിൻ കീഴിൽ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "3-ാം ഉപവകുപ്പ് പ്രകാരം " എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(163) ഖണ്ഡം 4(3)ൽ "(2)-ാം ഉപവകുപ്പിൻ കീഴിൽ" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും പകരം " 2-ാം ഉപവകുപ്പ് പ്രകാരം " എന്നീ വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(164) ഖണ്ഡം 4(3)ൽ "ഒരു അപേക്ഷ ലഭിച്ചാൽ" എന്നീ വാക്കുകൾക്ക് ശേഷം " ഒരു മാസത്തിനകം " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(165) ഖണ്ഡം 4(3)ൽ " അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള " എന്നീ വാക്കുകൾക്ക് പകരം " ആവശ്യമായ " എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(167) ഖണ്ഡം 4(3)ൽ "നടത്തിയതിനുശേഷം" എന്ന വാക്കിനുശേഷം " നാല്പത്തിഅഞ്ചു ദിവസത്തിനകം " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(169) ഖണ്ഡം 4(4)-ൽ " അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഉപാധികൾക്കും " എന്നീ വാക്കുകൾക്ക്പകരം " നിശ്ചിത ഫാറത്തിലും നിശ്ചിത നിബന്ധനകൾക്കും " എന്നീ വാക്കുകൾ ചേർക്കുക.

(172) ഖണ്ഡം 4(5)-ൽ " നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള " എന്നീ വാക്കുകൾക്ക് പകരം " നിശ്ചയിക്കപ്പെട്ട " എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(171) ഖണ്ഡം 4(5)-ൽ " ഒരു വർഷക്കാലത്തേക്ക് " എന്നീ വാക്കുകൾക്ക് പകരം " രണ്ടുവർഷക്കാലത്തേക്ക് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(174) ഖണ്ഡം 4(6)-ൽ " കാരണങ്ങൾ " എന്ന വാക്കിന് ശേഷം "മുപ്പത് ദിവസത്തിനകം " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 169, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..............

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 5(1)-ൽ "അങ്ങനെയുള്ള സ്ഥലത്ത് അങ്ങനെയുള്ള ലിഫ്റ്റോ" എന്നീ വാക്കുകൾക്ക് പകരം "അവരുടെ സ്ഥലത്ത് ലിഫ്റ്റോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം.എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. ഖണ്ഡം 5(2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുശേഷം" എന്നീ വാക്കുകൾക്ക് പകരം "ഈ ആക്ട് പ്രസിദ്ധീകരിച്ച് രണ്ടു വർഷത്തെ കാലാവധിക്കുശേഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. ഖണ്ഡം 5(3)-ൽ "അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസോടും" എന്നീ വാക്കുകൾക്ക് പകരം "നിശ്ചിത ഫാറത്തിലും ഫീസോടും" എന്നീ വാക്കുകൾ ചേർക്കുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 177–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 179–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ് അവതരിപ്പിച്ച 181–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6–ാം വകുപ്പ്

ശ്രീ. പി.ബി. അബ്ദുൾ റസാക്ക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 6(1)–ൽ

(i)"അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

(ii)" കുറഞ്ഞത് മൂന്ന് മാസം" എന്നീ വാക്കുകൾക്കുപകരം "പതിനഞ്ച് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി.ബി. അബ്ദുൾ റസാക്ക് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

191. ഖണ്ഡം 7(1)-ൽ "അയാൾ പറയുന്നതു കേൾക്കാനുള്ള" എന്നീ വാക്കുകൾക്ക് പകരം "പറയുവാനുള്ള" എന്ന വാക്ക് ചേർക്കുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ഏഴാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ........................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

7–ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7–ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

8–ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9–ാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 9–ൽ "ഒരു ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷൻ സ്ഥാപിക്കലോ കൂട്ടിച്ചേർക്കലോ" എന്നീ വാക്കുകൾക്ക് പകരം "ലിഫ്റ്റ്,

എസ്കലേറ്റർ എന്നിവ സ്ഥാപിക്കുകയോ, അവയിൽ കൂട്ടിച്ചേർക്കലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 9-ൽ "ഒരു ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷൻ സ്ഥാപിക്കലോ കൂട്ടിച്ചേർക്കലോ മാറ്റം വരുത്തലോ നടത്തുന്ന യാതൊരു" എന്നീ വാക്കുകൾക്ക് പകരം "ലിഫ്റ്റോ, എസ്കലേറ്ററോ സ്ഥാപിക്കുകയോ അതിൽ കൂട്ടിച്ചേർക്കലോ മാറ്റമോ വരുത്തുകയോ ചെയ്യുന്ന ഏത്" എന്നീ വാക്കുകൾ ചേർക്കുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 10(1)–ൽ "13–ാം വകുപ്പ്" എന്നത് കാണപ്പെടുന്നിടത്തെല്ലാം അതിനു പകരം "14–ാം വകുപ്പ്" എന്നു ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 10(1) ൽ "ഒരു റിപ്പോർട്ട്" എന്നതിനു ശേഷം "നിർണ്ണയിക്കപ്പെടാവുന്ന കാലാവധിക്കുള്ളിൽ" എന്നു ചേർക്കുക.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

215. ഖണ്ഡം 10(1) ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ ഒരു വാസസ്ഥലമായി ഉപയോഗിക്കുന്ന കെട്ടിടം, അപ്പാർട്ട്മെന്റ്, ഫ്ളാറ്റ് ഇവയിൽ രാവിലെ 8 മണിക്കും രാത്രി 8 മണിക്കും ഇടയ്ക്കുള്ള സമയത്ത് മാത്രമേ പരിശോധനക്കായി പ്രവേശിക്കാൻ പാടുള്ളൂ."

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 206–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 206–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 214–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ അവതരിപ്പിച്ച 215–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..........

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11–ാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 11(1)–ൽ, 'അപേക്ഷ നിരസിക്കുകയോ' എന്നീ വാക്കുകൾക്ക് ശേഷം '6–ാം വകുപ്പ് 1–ാം ഉപവകുപ്പ് പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുകയോ' എന്നീ വാക്കുകളും അക്കങ്ങളും അടയാളങ്ങളും ചേർക്കുക.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 11(1)–ൽ, 'സങ്കടം അനുഭവിക്കുന്ന' എന്നീ വാക്കുകൾക്ക് പകരം 'അവസരം നഷ്ടപ്പെടുന്ന' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 11(1)-ൽ "അങ്ങനെയുള്ള ഫാറത്തിലും" എന്നീ വാക്കുകൾക്ക് പകരം "നിശ്ചിത ഫാറത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 11(2)-ൽ "അത്തരം നിർദ്ദേശം" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. സുരേഷ് കുറുപ്പിന്റെ 220-ാം നമ്പർ ഭേദഗതി ഓറൽ ഭേഗതിയായി ഞാൻ അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

220. ഖണ്ഡം 11(1)-ൽ,
'4-ാം വകുപ്പ് (6)-ാം ഉപവകുപ്പിൻ കീഴിൽ ലൈസൻസിനുള്ള അപേക്ഷ നിരസിക്കുകയോ' എന്നീ വാക്കുകൾക്ക് ശേഷം '10-ാം വകുപ്പ് (2)-ാം ഉപ വകുപ്പ് പ്രകാരം ഉള്ള ഉത്തരവ് നൽകുകയോ' എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഓറൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. കെ. കെ.ജയചന്ദ്രന്റെ 229-ാം നമ്പർ ഭേദഗതി ഞാൻ ഓറൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 12-ൽ, '13-ാം വകുപ്പ്' എന്നതിനു പകരം '14-ാം വകുപ്പ്' എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഓറൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...........

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 15–ൽ "13–ാം വകുപ്പിൻ കീഴിൽ" എന്നതിനുപകരം "14–ാം വകുപ്പിൻ കീഴിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി.എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 15–ൽ "പതിനായിരം" എന്ന വാക്കിനു പകരം "പതിനയ്യായിരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി.പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 15–ൽ "പതിനായിരം" എന്ന വാക്കിന് പകരം "പതിനെട്ടായിരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

242. ഖണ്ഡം 15–ൽ "പതിനായിരം" എന്ന വാക്കിന് പകരം "ഇരുപതിനായിരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. അച്ചുതൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 15–ൽ "അഞ്ഞൂറ്" എന്ന വാക്കിന് പകരം "അറുന്നൂറ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247. ഖണ്ഡം 15–ൽ "അഞ്ഞൂറ്" എന്ന വാക്കിന് പകരം "എണ്ണൂറ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം.എ. വാഹീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം 15–ൽ 'അഞ്ഞൂറ്' എന്ന വാക്കിനു പകരം 'തൊള്ളായിരം' എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

251. ഖണ്ഡം 15–ൽ 'മൂന്നുമാസക്കാലയളവുവരെ' എന്നീ വാക്കു കൾക്ക് പകരം 'ആറുമാസക്കാലയളവുവരെ' എന്നീ വാക്കുകൾ ചേർക്കുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പി 237–ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 237--ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 240–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി.പി. മുഹമ്മദ് അവതരിപ്പിച്ച 241–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 245--ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ..................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18–ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 18 – ന്റെ ആരംഭത്തിൽ "(1)" എന്ന അക്കവും ചിഹ്നവും നീക്കം ചെയ്യുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. ബെന്നി ബെഹനാൻ അനതരിപ്പിച്ച 256–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 256–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

19–ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20–ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. (i) ഖണ്ഡം 20 എന്നത് 20(1) ആയി പുനരക്കം ചെയ്ത് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനു ശേഷം ഈ വകുപ്പു പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതുമാകുന്നു."

(ii) ഖണ്ഡം 20(2) ആയി താഴെപ്പറയുന്നത് ചേർക്കുക.

“ഉപവകുപ്പു പ്രകാരം പ്രസിദ്ധീകരിക്കുന്ന ഓരോ ഉത്തരവും അത് പ്രസിദ്ധീകരിച്ചതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.”

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 22(2) (ഡി)–യിൽ "പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസിനും" എന്നീ വാക്കുകൾക്ക് ശേഷം "ലൈസൻസ് പുതുക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ.വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 22(2)(എഫ്)–ൽ "പ്രവർത്തിപ്പിക്കുന്നതിന്" എന്ന വാക്കിനു പകരം "പ്രവർത്തനത്തിനും പുതുക്കലിനും" എന്നീ വാക്കുകൾ ചേർക്കുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. സി.കെ. സദാശിവന്റെ 264–ാം നമ്പർ ഭേദഗതി ഞാൻ ഓറൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

264. ഖണ്ഡം 22(2)(ഐ) യിൽ "12–ാം വകുപ്പ്" എന്നതിനു പകരം "13–ാം വകുപ്പ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഓറൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 262–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 263–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...............

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്തപ്രകാരമുള്ള 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. പീഠികയിൽ "അതിന് ആനുഷംഗികമായതോ" എന്നീ വാക്കുകൾക്കു പകരം "അതിൽനിന്നുളവാകുന്നതോ" എന്നീ വാക്കുകൾ ചേർക്കുക.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.................

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ...................

2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

## (2) 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ:</u> ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി, അങ്ങേയക്ക് 1 (എ) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ശ്രീമതി ഇ.എസ്. ബിജിമോൾ, അങ്ങേയക്ക് 2 (ബി) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

2 (ബി) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി)ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

<u>വകുപ്പുതിരിച്ചുള്ള പരിഗണന</u>

<u>2-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3–ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1–ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്ര ങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്)</u>: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി.സ്പീക്കർ</u>: 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(3) **<u>2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ.</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദുറബ്ബ്)</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. അനൂപ് ജേക്കബ്)</u>: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദീൻ, അങ്ങേയക്ക് 1 (എ) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദീൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുളള 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

( 2 (ബി) ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3–ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

(ഭേദഗതിയില്ല.)

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

(ഭേദഗതി അവതരിപ്പിച്ചില്ല)

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): 2013–ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013–ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ .........

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി.സ്പീക്കർ: ഇന്ന് ശ്രീ. എം. ഉമ്മറിന്റെ ക്രമപ്രശ്നം ലിസ്റ്റ് ചെയ്തിരുന്നു. അത് 9–ാം തീയതി എടുക്കുന്നതായിരിക്കും.

റൂളിംഗ്

2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ ഏപ്രിൽ 1–ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. അന്നുകൂടിയ സബ്ജക്ട് കമ്മിറ്റി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് വേണ്ടി തീരുമാനിച്ചതായി മനസ്സിലാക്കുന്നു. ഇതുസംബന്ധിച്ച പത്രവാർത്തകളും വന്നിട്ടുണ്ട്. പ്രസ്തുത ദിവസം ബിൽ പൈലറ്റ് ചെയ്ത മന്ത്രി ബിൽ ജലവിഭവം സംബന്ധിച്ച മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയമാണ് അവതരിപ്പിച്ചത്. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് 30-06-2013–വരെ സർക്കുലേറ്റ് ചെയ്യണമെന്ന ശ്രീ. ജോസ് തെറ്റയിലിന്റെ 1(എ) ഭേദഗതിയും ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ശ്രീ. വി. ഡി. സതീശന്റെ 2(ബി) നമ്പർ ഭേദഗതിയും നിരാകരിച്ചുകൊണ്ടാണ് സഭ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചത്.

സബ്ജക്ട് കമ്മിറ്റിക്ക് വിദഗ്ദ്ധരിൽ നിന്നും തെളിവെടുക്കാനും ഈ വിഷയം സംബന്ധിച്ച് പ്രത്യേക താൽപ്പര്യമുള്ള പ്രതിനിധികൾക്ക് പറയുവാനുള്ളത് കേൾക്കാനും നിയമസഭാ ചട്ടം അനുവദിക്കുന്നുണ്ട്. സഭയുടെ തീരുമാനം ബിൽ സബ്ജക്ട് കമ്മിറ്റി III പരിഗണിക്കണമെന്നതായിരിക്കെ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് വിടുവാൻ തീരുമാനമെടുക്കുവാൻ കമ്മിറ്റിക്ക് അധികാരമില്ല. സമിതി ചെയർമാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതായിരുന്നു. ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് ചെയർ റൂൾ ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ...........ഓർഡർ........... സഭ ഇപ്പോൾ പിരിയുന്നതും ഏപ്രിൽ മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ഏപ്രിൽ മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.59-ന് പിരിഞ്ഞു.)

---